(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കേരളത്തിലെ കേന്ദ്ര പൊതുമേഖലാ നിക്ഷേപം

1 (155) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കേന്ദ്ര പൊതുമേഖലാ നിക്ഷേപം സ്ഥിരമായി കുറഞ്ഞു കൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്ന സാമ്പത്തിക വർഷം കേരളത്തിലെ പൊതുമേഖലാ നിക്ഷേപം എത്ര കോടിയായിരുന്നു; ആ വർഷം കേന്ദ്ര പൊതുമേഖലയിൽ തൊഴിൽ ചെയ്യുന്നവർ എത്രയായിരുന്നു :

(സി) 2001-നുശേഷം ഓരോ വർഷവും സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലയിലെ നിക്ഷേപം വർദ്ധിക്കുകയുണ്ടായോ; യഥാർത്ഥത്തിൽ ഓരോ വർഷവും കേന്ദ്ര നിക്ഷേപം എത്ര കോടി വീതമായിരുന്നു; ഇപ്പോൾ കേന്ദ്ര പൊതുമേഖലയിൽ തൊഴിൽ ചെയ്തുവരുന്നവരെത്ര ?

ഉത്തരം

(എ) കേന്ദ്ര പൊതുമേഖലാ നിക്ഷേപം കൂടുന്നതായിട്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് പ്രസിദ്ധീകരണമായ എക്കണോമിക് റിവ്യൂയിലെ കണക്കുകൾ സൂചിപ്പിക്കുന്നത്.

(ബി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്ന 2001-02 സാമ്പത്തിക വർഷം കേരളത്തിലെ പൊതുമേഖലാ നിക്ഷേപം 13504 കോടി രൂപയായിരുന്നു. കേന്ദ്ര പൊതുമേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ എണ്ണം 40,000 ആയിരുന്നു.

(സി) ഉണ്ട്. 2001-02-ൽ 13504 കോടി രൂപയായും 2002-03-ൽ 14550 കോടി രൂപയായും 2003-04-ൽ 15301 കോടി രൂപയായും വർദ്ധിച്ചിട്ടുണ്ട്. കേരളത്തിലെ പൊതുമേഖലയിൽ ഇപ്പോൾ 45000 പേർ തൊഴിൽ ചെയ്തുവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭവും നഷ്ടവും

2 (156) ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. യു. സി. രാമൻ :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും ഓരോന്നിന്റെയും ലാഭം എത്രയെന്നും വ്യക്തമാക്കുമോ;

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും ഓരോന്നിന്റെയും നഷ്ടം എത്രയാണെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly